# സംഘ്പരിവാർ
## വർഗീയ ഫാഷിസവും വിദേശ ഫണ്ടിംഗും

സദ്റുദ്ദീൻ വാഴക്കാട്

പ്രസാധനം

പ്രതീക്ഷ ബുക്സ്

**കോഴിക്കോട്**

വിതരണം

ഐ.പി.എച്ച് കോഴിക്കോട്

SANKHPARIVAR VARGEEYA FASCISAVUM
VIDESHA FUNDINGUM (Malayalam)
(Political Science)
By: SADARUDHEEN VAZHAKKAD

Publishers:

PRATHEEKSHA BOOKS
I.S.T Building
Silver Hills, Calicut - 673 012
Kerala State, India
E-mail: pratheekshabooks@gmail.com
First Edition: December 2010

Typesetting
IPH DTP Centre
Cover: Nasar Eramangalam

Printers: Kairali Offset, Calicut

Distribution:
I.P.H, Fourland Building, Rajaji Road, Kozhikode-4,E-mail : iphcalicut@gmail.com
I.P.H, M.P. Road, Kozhikode - 673 001
I.P.H, Islamic Centre, Market lane, Palayam, Thiruvananthapuram - 695 034
I.P.H, Madeena Masjid Complex, Padma Jn. Pullepady, Kochi - 35
I.P.H, I.P.H. Tower, P.O. Road, Thrissur-1
I.P.H, Kohinoor Arcade, Opp. Noor Masjid, Kannur -1
I.P.H, Masjid Building, Kunnumal, Malappuram- 676 505

Rights with the Publishers

Price Rs : 60.00
SVU SUB 32 SN 591/2000

# ആമുഖം

മാനവികതയും തീവ്രവംശീയതയും തമ്മിലും മതസൗഹാർദവും ആക്രമണോത്സുക വർഗീയതയും തമ്മിലുമുള്ള സംഘർഷമാണ് ഇന്ത്യൻ ജനതക്കും സംഘ്പരിവാറിനുമിടയിൽ നടക്കുന്നത്. ശാന്തിമന്ത്രധ്വനികൾ കൊണ്ട് മുഖരിതമായ, ആർഷഭാരതസംസ്കൃതിയുടെ എതിർപക്ഷത്താണ് ഹിംസാത്മക വംശീയ വിദ്വേഷം പുലർത്തുന്ന സംഘ്പരിവാർ നിലയുറപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് കലഹത്തിനും രക്തച്ചൊരിച്ചിലിനും കാരണമാകുമെന്ന് കണ്ട് അർഹതപ്പെട്ട അധികാരം പോലുമുപേക്ഷിച്ച് വനവാസത്തിന് പോയ ശ്രീരാമന്റെ പേരിൽ, അധികാരക്കസേരക്കുവേണ്ടി കലാപവും സംഘർഷവും സൃഷ്ടിക്കാൻ സംഘ്പരിവാറിന് സാധിക്കുന്നത്; സനാതന ഹിന്ദുവായ, രാമനാമം സദാ ജപിച്ചുകൊണ്ടിരുന്ന മഹാത്മാഗാന്ധിയെ, ഗോഡ്സെ വെടിവെച്ചുകൊന്നതും അതുകൊണ്ടുതന്നെ. സനാതന ഹിന്ദുമതവും പ്രാക്തനമായ ഭാരതീയ സംസ്കൃതിയുമായി ഇടയുന്നതാണ് വർഗീയ ഫാഷിസത്തിന്റെ അജണ്ടകൾ എന്ന് അനുഭവങ്ങൾ അടയാളപ്പെടുത്തുന്നു.

യഥാർഥത്തിൽ ന്യൂനപക്ഷങ്ങൾക്ക് മാത്രമല്ല, ഇന്ത്യയിലെ മുഴുവൻ മനുഷ്യർക്കും ഭീഷണിയാണ് വർഗീയത. കാരണം ബാബരിമസ്ജിദ് തകർക്കപ്പെടുംമുമ്പ്, രാഷ്ട്രപിതാവായ മഹാത്മജിയുടെ നെഞ്ചിലേക്ക് വർഗീയ ഫാഷിസം നിറയൊഴിച്ചിട്ടുണ്ട്. ഈ യാഥാർഥ്യം അവഗണിച്ചുകൊണ്ട് വർഗീയതക്കെതിരായ പോരാട്ടം വിജയിപ്പിച്ചെടുക്കാനാകില്ല. ഏതെങ്കിലുമൊരു വിഭാഗം പ്രത്യേകമായി സംഘടിച്ചുകൊണ്ട് വർഗീയതയെ പരാജയപ്പെടുത്താനുമാകില്ല. രാജ്യനിവാസികളുടെ ഒരുമയോടെയുള്ള പ്രവർത്തനങ്ങളാണ് വർഗീയതക്കും തീവ്രവാദത്തിനുമെതിരിൽ ഉണ്ടാകേണ്ടത്. ആ വഴിയിൽ ഒരു ചെറിയ വെളിച്ചമാകും ഈ കൃതിയെന്നാണ് പ്രതീക്ഷ.

നുഴഞ്ഞുകയറുകയും ഒളിഞ്ഞിരിക്കുകയും നിഗൂഢമായ പ്രവർത്തന

ങ്ങളുടെ നൈരന്തര്യം കാത്തുസൂക്ഷിക്കുകയും ചെയ്യുകയെന്നതാണ് ഫാഷിസത്തിന്റെ ശൈലി. അത്തരം അജണ്ടകൾ വിജയിപ്പിച്ചെടുക്കാൻ വേണ്ടി ആവശ്യാനുസാരം രൗദ്രഭാവങ്ങൾ അത് പുറത്തെടുക്കുകയും ചെയ്യും. ഫാഷിസത്തിന്റെ ഈ പ്രകൃതം ഇന്ത്യയിൽ സംഘ്പരിവാർ അതിസമർഥമായി പ്രയോഗവത്കരിക്കുകയും വിജയം നേടുകയും ചെയ്തിട്ടുണ്ട്. സമൂഹഗാത്രത്തിന്റെ ഭിന്ന മേഖലകളിൽ തന്ത്രപൂർവം നുഴഞ്ഞുകയറാൻ അവർക്ക് സാധിച്ചിട്ടുണ്ട്. മാധ്യമങ്ങളിലും ബ്യൂറോക്രസിയിലുമാണ് അതേറ്റവും ശക്തം. സംഘ്പരിവാറുൽപാദിപ്പിക്കുന്ന വംശീയവെറിയും, ന്യൂനപക്ഷത്തെക്കുറിച്ച ഭയവും പൊതു-മതേതര മാധ്യമങ്ങൾ വഴി വിറ്റഴിക്കപ്പെടുന്നത് അതിന്റെ തെളിവാണ്. സ്വന്തമായി നല്ല പത്രങ്ങളോ ചാനലുകളോ നടത്തുന്നതിലല്ല നിഷ്പക്ഷം, മതേതരം, ദേശീയം തുടങ്ങിയ ലേബലുകളുള്ള മാധ്യമങ്ങളിൽ സ്വന്തം തലച്ചോറുകളെ പ്രതിഷ്ഠിക്കുന്നതിലാണ് സംഘ്പരിവാർ ശ്രദ്ധിച്ചത്. അതിലവർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. വംശീയവേർതിരിവോടെയുള്ള മാധ്യമ വാർത്തകളുടെ പൊരുളതാണ്. നിരുപദ്രവകരമെന്ന് തോന്നുന്ന പൊതു വാർത്തകളിലെ പ്രയോഗങ്ങളും ചിത്രങ്ങളും അവക്ക് നൽകപ്പെടുന്ന പ്രാധാന്യവും ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. ചില ചെറിയ വാർത്തകൾ പോലും ആഴ്ചകളോളം ആഘോഷിക്കപ്പെടുന്നത്, അവയിൽ വംശവെറി ഉൽപാദിപ്പിക്കാനുള്ള ഉപകരണങ്ങൾ ഉള്ളതുകൊണ്ടാണ്. അതിസൂക്ഷ്മമായാണ് അത്തരം വാർത്തകൾ കൈകാര്യം ചെയ്യപ്പെടുന്നത്. ബാലമാസികകൾ പോലും ഇതിൽനിന്ന് മുക്തമല്ല. സിനിമകളിലെ കഥാപാത്രങ്ങളും സംഭാഷണങ്ങളും സൃഷ്ടിക്കപ്പെടുന്നതും വംശീയ അജണ്ടകളോടുകൂടിത്തന്നെയാണ്. ഉന്നം വെക്കപ്പെടുന്നവരെക്കുറിച്ച പേടിയും അവർ അപകടകാരികളും ഉന്മൂലനം ചെയ്യപ്പെടേണ്ടവരുമാണെന്ന ബോധവും വ്യാപകമായി സൃഷ്ടിക്കുകയാണ് മാധ്യമങ്ങളിലൂടെ സംഘ്പരിവാർ ചെയ്യുന്നത്. സമീപകാലത്ത് നമ്മുടെ മാധ്യമങ്ങളുടെ ചർച്ചകളും വാർത്താവതരണ ശൈലിയും- വിശേഷിച്ചും കേരളത്തിൽ- ചില വലിയ ലക്ഷ്യങ്ങൾ മുൻനിർത്തി ദീർഘദർശനത്തോടെ നടപ്പിലാക്കപ്പെടുന്ന അജണ്ടകളുടെ ഭാഗമാണ്. ആ അജണ്ടയാണ് നാം തിരിച്ചറിയേണ്ടത്.

സ്വന്തം പ്രവർത്തനങ്ങളെ സമർഥമായി മറച്ചുവെക്കാനും സമൂഹശ്രദ്ധയെ അവയിൽനിന്ന് തിരിച്ചുവിടാനും ഉന്നംവെക്കപ്പെടുന്ന അപരസമുദായങ്ങളിൽ അവ ആരോപിക്കാനും അത് അസാമാന്യമായി വിജയിപ്പിച്ചെടുക്കാനും സംഘ്പരിവാറിന് കഴിയുന്നുണ്ട്. പ്രചണ്ഡമായ പ്രചാരണമാണ് അതിന് അവരുടെ ആയുധം. രാജ്യത്തിന്റെ പല ഭാഗങ്ങളിലായി, സംഘ്പരിവാർ ബന്ധമുള്ള സംഘടനകളും വ്യക്തികളും നടത്തിയ സ്ഫോടന പരമ്പരകൾ ദേശീയ തലത്തിൽ മുഖ്യചർച്ചയാകാത്തത് അതുകൊണ്ടാണ്. ('കാവി ഭീകരത'യെക്കുറിച്ച ആഭ്യന്തര മന്ത്രി പി. ചിദംബരത്തിന്റെ പ്രസ്താവനക്കെതിരെ-2010 ആഗസ്റ്റ് 25- ഉയർന്ന പ്രതിഷേധവും ഇതോടു ചേർത്തുവായിക്കണം) വിദേശ പണം, മതപരിവർത്തനം തുടങ്ങി ന്യൂനപക്ഷങ്ങൾക്കെതിരെ സംഘ്പരിവാർ നിരന്തരം ഉന്നയിക്കുന്ന മുറവിളികൾ യഥാർഥത്തിൽ, അവരുടെ തന്നെ നിഗൂഢ പ്രവർത്തനങ്ങളെ മറച്ചുവെക്കാൻ കൂടിയുള്ളതാണ്.

വിദേശഫണ്ടിംഗ്, മതപരിവർത്തനം എന്നീ രണ്ട് വിഷയങ്ങളിലുള്ള സംഘ്പരിവാറിന്റെ ഒളിയജണ്ടകളിലേക്ക് വെളിച്ചം വീശുകയാണ് ഈ കൃതി പ്രധാനമായും ചെയ്യുന്നത്. സംഘ്പരിവാറിന് ലഭിക്കുന്ന വിദേശഫണ്ടുകളെക്കുറിച്ചുള്ള രണ്ടാം അധ്യായമാണ് ഈ കൃതിയിലെ പ്രധാന ഭാഗം.

നമ്മുടെ ദേശത്തിനകത്തെ ഐക്യവും അഖണ്ഡതയും മതസൗഹാർദ മനസ്സും മതേതര പാരമ്പര്യവും സംരക്ഷിക്കാനുള്ള അഭിവാഞ്ഛയാണ് പുസ്തകത്തിന്റെ പ്രചോദനം; ഹിന്ദുവും മുസ്‌ലിമും മറ്റെല്ലാ മതവിഭാഗക്കാരും മതമില്ലാത്തവരും സ്നേഹത്തോടെ സഹവർത്തിക്കുന്ന മാതൃകാനാടായി ഇന്ത്യ നിലനിൽക്കണമെന്ന ആഗ്രഹം. വർഗീയതയെയും തീവ്രവാദത്തെയും ഭീകരപ്രവർത്തനങ്ങളെയും മുഴുവൻ ഇന്ത്യക്കാരും ഒരുമിച്ചുനിന്ന് പരാജയപ്പെടുത്തണം. കാരണം അവ പരസ്പരം സഹായിക്കുന്നവയും മാനവികതയുടെ ശത്രുക്കളുമാണ്. ഹിന്ദുമതവും ക്രിസ്തുമതവും ബുദ്ധ-ജൈന മതങ്ങളും ഇസ്‌ലാമുമെല്ലാം മാനവികതയെയാണ് ഉയർത്തിപ്പിടിക്കുന്നത്. അതുകൊണ്ട്, മതമൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മതസൗഹാർദം കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിക്കണം. വർഗീയതയെയും തീവ്രവാദത്തെയും നിസാരവത്കരിക്കാതെ അവക്കെതിരെ ജാഗ്രത കൈക്കൊള്ളണം. ആ വഴിയിൽ ഈ പുസ്തകം ഒരു മുതൽക്കൂട്ടായിത്തീരും എന്ന് പ്രതീക്ഷിക്കുന്നു. ഈ കൃതി തയാറാക്കുന്നതിൽ സഹകരിച്ച എല്ലാ സുഹൃത്തുക്കൾക്കും പ്രതീക്ഷ ബുക്സിനും ഹൃദയം നിറഞ്ഞ നന്ദി.

20.9.2010

വെള്ളിമാട്കുന്ന് **സദ്റുദ്ദീൻ വാഴക്കാട്**

## സദ്റുദ്ദീൻ വാഴക്കാട്

എഴുത്തുകാരൻ, പ്രഭാഷകൻ, ഗ്രന്ഥകാരൻ, കലാസംവിധായകൻ. .മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിൽ ആക്കോട് ആറ്റുപുറത്ത് അബൂബക്കർ മാസ്റ്ററുടെയും വാഴക്കാട് എം.ടി ജുവൈരിയയുടെയും മകനായി 1977-ൽ ജനനം. വാഴക്കാട് ഗവ. ഹൈസ്കൂൾ, കാസർകോട് ആലിയാ അറബിക് കോളേജ് എന്നീ സ്ഥാപനങ്ങളിൽ പഠനം. പറപ്പൂർ ഇസ്ലാമിയാ കോളേജ്, കൊണ്ടോട്ടി മർകസുൽ ഉലൂം അറബിക് കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ചു. 2006 മുതൽ *പ്രബോധനം* വാരികയുടെ സബ് എഡിറ്റർ. സാംസ്കാരിക ദേശീയത്വം, സ്വൂഫീ ത്വരീഖത്തുകൾ, ശീഈസം എന്നിവയാണ് പ്രധാന പഠനവിഷയങ്ങൾ. *ഇസ്ലാമിലെ ത്വരീഖത്തും ത്വരീഖത്തിലെ ഇസ്ലാമും, കമലാ സുറയ്യ സഫലമീ യാത്ര, പ്രസ്ഥാന യാത്രകൾ, കമലാസുറയ്യ സംസാരിക്കുന്നു*(എഡിറ്റർ) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. *മാധ്യമം, ചന്ദ്രിക, പ്രബോധനം, ബോധനം, ശബാബ്, തേജസ്, ആരാമം* തുടങ്ങിയവയിൽ എഴുതുന്നു. വിലാസം: ആശിയാന, ചീടിക്കുഴി റോഡ്, എടവണ്ണപ്പാറ, മലപ്പുറം. ഫോൺ: 9446881645

# അകം

സംഘ്പരിവാറിന്റെ വിശ്വരൂപം **13**
സംഘ്പരിവാറും വിദേശഫണ്ടിംഗും **46**
ആദിവാസികൾ ഹിന്ദുത്വ വാദികളോ? **67**
വർഗീയതയുടെ വിഷസൂചികൾ **79**
കാവിവത്കരണം സംസ്ഥാനങ്ങളിലൂടെ **96**
മതപരിവർത്തനം വിവാദങ്ങളും യാഥാർഥ്യവും **111**

# സംഘ്പരിവാറിന്റെ വിശ്വരൂപം

2008 നവംബർ ആദ്യവാരത്തിൽ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട അമേരിക്കൻ വാർത്തകളിലൊന്ന്, യു.എസ് പ്രസിഡന്റ് ബറാക് ഹുസൈൻ ഒബാമയുടെ ഉപദേശകസമിതി(transition team)യെ കുറിച്ചുള്ളതായിരുന്നു. അമേരിക്കയെ ക്കുറിച്ചുള്ള ഈ വാർത്ത ഇന്ത്യൻ മാധ്യമങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. രണ്ടു കാരണങ്ങളാണ് അതിനുണ്ടായിരുന്നത്. ഒന്ന്, ട്രാൻസിഷൻ ടീമിലെ അംഗമായി ഇന്ത്യൻ-അമേരിക്കൻ സാമ്പത്തിക വിദഗ്ധയായ നാൽപതു കാരി സൊണാൽ ഷാ (Sonal Sha) തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ്.

1970-ൽ ന്യൂയോർക്കിലെത്തിയ ഗുജറാത്ത് സ്വദേശി രമേഷ് ഷായുടെ മകളാണ് സൊണാൽ ഷാ. ഗുജറാത്തിൽ ജനിച്ചുവളർന്ന സൊണാൽ ഷാ മാതാവിനോടും സഹോദരിയോടുമൊപ്പം 1972-ലാണ് ന്യൂയോർക്കിലെത്തിയത്. ചിക്കാഗോ യൂണിവേഴ്സിറ്റിയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടിയ അവർ, ഡ്യൂക് യൂണിവേഴ്സിറ്റി(Duke University)യിൽനിന്ന് അതേ വിഷയത്തിൽ ബിരുദാനന്തര ബിരുദവും നേടി. 1995-2001 കാലത്ത് യു.എസ് ട്രഷറി ഡിപാർട്ടുമെന്റിൽ ജോലി ചെയ്ത സൊണാൽ ഷാ സബ്സഹാറൻ ആഫ്രിക്കക്കു വേണ്ടിയുള്ള വേൾഡ് ബാങ്കിന്റെയും ഐ.എം.എഫിന്റെയും പദ്ധതികൾക്ക് മേൽനോട്ടം വഹിക്കുന്ന ഓഫീസിന്റെ ഡയറക്ടർ, ബോസ്നിയ-കൊസോവ സാമ്പത്തിക മന്ത്രാലയത്തിലെ ഉദ്യോഗസ്ഥ, ഏഷ്യൻ സാമ്പത്തിക കാര്യങ്ങൾക്കായുള്ള യു.എസ് ഡിപാർട്ടുമെന്റിന്റെ സെക്രട്ടറിയുടെ സീനിയർ അഡ്വൈസർ, സെന്റർ ഫോർ ഗ്ലോബൽ ഡവലപ്മെന്റ്സിന്റെ ഡയറക്ടർമാരിലൊരാൾ, ഗോൾഡ്മാൻ സാച്ചസ് വൈസ് പ്രസിഡന്റ് തുടങ്ങിയ തസ്തികകളിൽ ജോലിചെയ്തിട്ടുണ്ട്. 2007-ൽ ഗൂഗ്ളിന്റെ (google.org) ആഗോള വികസന വിഭാഗത്തിന്റെ (Global Development Initiatives) തലപ്പത്ത് നിയമിക്കപ്പെട്ട അവർ, ഹെൻറി ക്രൗൺ ഫെലോഷിപ്പ് (Henry Crown Fellowship, Aspen Institute, 2006), നെക്സ്റ്റ് ജനറേഷൻ